# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.01.2025**

### പ്രധാനവാർത്തകൾ

1. 76-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം; ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ നാളെ വർണാഭമായ റിപ്പബ്ലിക്ക് ദിന പരേഡ് നടക്കും. സംസ്ഥാനത്തും വിപുലമായ ആഘോഷ പരിപാടികൾ.

2. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി ഏഴു മണിക്ക് രാജ്യത്തെ അഭിസംബോധന ചെയ്യും.

3. ജനാധിപത്യത്തോടും വോട്ടെടുപ്പിനോടും പ്രതിബദ്ധതയുള്ള ജനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

4. കേരളത്തിൽ റേഷൻ വിതരണക്കാരുടെ സമരം അവസാനിപ്പിച്ചു. തിങ്കളാഴ്ച മുതൽ റേഷൻ വ്യാപാരികൾ അനിശ്ചിതകാല സമരത്തിലേക്ക്.

5. സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും കാൻസർ പരിശോധനയ്ക്കുള്ള സ്ക്രീനിങ് നടത്തുമെന്ന് മന്ത്രി വീണാ ജോർജ്.

6. വയനാട് മാനന്തവാടിയിലെ കടുവ ആക്രമണത്തിൽ പ്രദേശവാസികളുടെ പ്രതിഷേധം തുടരുന്നു. കടുവയ്ക്കായുള്ള തിരച്ചിൽ ഊർജ്ജിതം.

****************************************

## റിപ്പബ്ലിക് ദിനാഘോഷം

രാജ്യത്തിന്റെ 76-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. നാളെ ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ നടക്കുന്ന ആഘോഷപരിപാടിയിൽ വർണാഭമായ റിപ്പബ്ലിക്ക് ദിന പരേഡ് നടക്കും. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. പരിപാടിയോട് അനുബന്ധിച്ച് ഡൽഹിയിൽ ഗതാഗത ക്രമീകരണങ്ങളും കനത്ത സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്.

************************************

## രാഷ്ട്രപതി - അഭിസംബോധന

BIJU TVPM

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മണി മുതൽ ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ നിലയങ്ങളും ഹിന്ദിയിലും ഇംഗ്ലീഷിലും അഭിസംബോധന പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ പ്രാദേശിക ചാനലുകളിലും സംപ്രേഷണമുണ്ടാകും. ആകാശവാണിയുടെ പ്രാദേശിക ശൃംഖലകളിലും രാത്രി 9.30 മുതൽ പ്രാദേശിക ഭാഷാ പതിപ്പുകൾ പ്രക്ഷേപണം ചെയ്യും. രാഷ്ട്രപതിയുടെ അഭിസംബോധനയുടെ പശ്ചാത്തലത്തിൽ 07.25 ന്റെ ആകാശവാണി വാർത്ത 07.50 നായിരിക്കും പ്രക്ഷേപണം ചെയ്യുക.

************************************

## റിപ്പബ്ലിക്ക് ദിന പരേഡ് ഗസ്റ്റ് ( ഇൻട്രോ )

കേരളത്തിൽ നിന്നും വിവിധ മേഖലകളിലെ പ്രഗത്ഭരും വിദ്യാർത്ഥികളും ഉൾപ്പടെ നിരവധിപേരാണ് ഇത്തവണ

ന്യൂഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നത്. പരിപാടിയിലേക്ക് പ്രത്യേക ക്ഷണം ലഭിച്ച NSS വോളന്റിയറായ കോഴിക്കോട് കൊടുവള്ളി ആരാമ്പ്രം സ്വദേശി **അമൽ ഹുസൈൻ** ആകാശവാണി വാർത്തകളോട്....

(വോയിസ്....)

***********************************

## റിപ്പബ്ലിക് ദിനം - കേരളം

റിപ്പബ്ലിക്ക് ദിനാഘോഷത്തിനൊരുങ്ങി സംസ്ഥാനവും. രാജ് ഭവനിൽ രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. നിയമസഭയിൽ സ്പീക്കർ എ.എൻ. ഷംസീർ ദേശീയ പതാക ഉയർത്തും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള ഹരിത പ്രഖ്യാപനങ്ങൾ റിപ്പബ്ലിക് ദിനത്തിൽ നടക്കും. മന്ത്രിമാരും ജനപ്രതിനിധികളും വിവിധ ജില്ലകളിൽ പ്രഖ്യാപനങ്ങൾ നിർവഹിക്കും. ഹരിത വിദ്യാലയങ്ങൾ, പൊതു ഇടങ്ങൾ തുടങ്ങി ഈ മാസം 31 വരെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കൂടുതൽ പ്രവർത്തനങ്ങളും ഹരിത പദവി പ്രഖ്യാപനങ്ങളുമുണ്ടാകും.

RNUTVPM

***********************************

## റിപ്പബ്ലിക് ദിനാശംസ - ഗവർണർ - ഇൻട്രോ

ലോകമെമ്പാടുമുള്ള കേരളീയർക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പബ്ലിക് ദിനാശംസകൾ നേർന്നു. വികസിതഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാവരുടേയും അക്ഷീണപ്രവർത്തനം ഉണ്ടാകണമെന്ന് ഗവർണർ പറഞ്ഞു.

(വോയിസ്...)

മുഖ്യമന്ത്രി പിണറായി വിജയനും ജനങ്ങൾക്ക് റിപ്പബ്ളിക് ദിനാശംസ നേർന്നു. സമത്വവും നീതിയും മതനിരപേക്ഷതയും സാഹോദര്യവും പുലരുന്ന സമൂഹമായി വളരാൻ കഴിയണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

***********************************

## ദേശീയ കവി സമ്മേളനം

റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി, ആകാശവാണി സംഘടിപ്പിക്കുന്ന ദേശീയ കവി സമ്മേളനം ഇന്ന്. രാത്രി 10 മണിക്ക് ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി പ്രക്ഷേപണം ചെയ്യും. നാനൂറോളം കവികൾ പരിപാടിയുടെ ഭാഗമാകും.

***********************************

RNU TVPM

## ദേശീയ സമ്മതിദായക ദിനം

ഇന്ത്യയുടെ ജനാധിപത്യം ആധുനിക ലോകത്തിന് അതുല്യമായ മാതൃകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. തെരഞ്ഞെടുപ്പുകളിൽ സ്ത്രീ പങ്കാളിത്തം വർധിക്കുന്നത് സമൂഹത്തിൻറെയും രാജ്യത്തിൻറെയും വികസനത്തിൻറെ പ്രധാന അടയാളമാണെന്നും രാഷ്ട്രപതി പറഞ്ഞു. പതിനഞ്ചാമത് ദേശീയ സമ്മതിദായക ദിനാഘോഷ പരിപാടിയെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. കേന്ദ്രമന്ത്രി അർജുൻ റാം മേഘ് വാൾ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

***********************************

## ഗവർണർ - സമ്മതിദായക ദിനം

ദേശീയ സമ്മതിദായക ദിനാചരണത്തോട് അനുബന്ധിച്ച് സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരത്ത് നിർവഹിച്ചു. നൂറ് ശതമാനം സമ്മതിദാന അവകാശം വിനിയോഗിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജനാധിപത്യത്തോടും വോട്ടെടുപ്പിനോടും പ്രതിബദ്ധതയുള്ള ജനങ്ങളാണ് സംസ്ഥാനത്തുള്ളതെന്നും ഗവർണർ പറഞ്ഞു.

**************************************

RNU TVPM

## റേഷൻ വിതരണക്കാർ സമരം അവസാനിപ്പിച്ചു

സംസ്ഥാനത്ത് റേഷൻ വിതരണക്കാരുടെ സമരം അവസാനിപ്പിച്ചു. ഗോഡൌണിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്ന കരാറുകാരുടെ സമരമാണ് ഭക്ഷ്യ മന്ത്രി ജി ആർ അനിലുമായി നടത്തിയ ചർച്ചയെ തുടർന്ന് ഒത്തുതീർപ്പായത്. അതേസമയം, തിങ്കളാഴ്ച മുതൽ റേഷൻ വ്യാപാരികൾ അനിശ്ചിതകാല കടയടപ്പ് സമരം പ്രഖ്യാപിച്ചതിനാൽ സ്റ്റോക്ക് എത്തിക്കുന്നതിൽ പ്രതിസന്ധി നേരിടാനാണ് സാധ്യത.

**************************************

## മുഖ്യമന്ത്രി - തലശ്ശേരി

കാൻസർ ബാധിതർക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തലശ്ശേരി മലബാർ കാൻസർ സെന്ററിൽ വിവിധ പദ്ധതികളുടെ

ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ ആശുപത്രികളെയും താലൂക്ക് ആശുപത്രികളെയും കാൻസൽ സെന്ററുമായി ബന്ധിപ്പിച്ചു കൊണ്ട് ഗ്രിഡ് സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

************************************

## വീണാ ജോർജ്ജ് – കാൻസർ പരിശോധന

സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും കാൻസർ പരിശോധനയ്ക്കുള്ള സ്ക്രീനിങ് നടത്തുമെന്ന് മന്ത്രി വീണാ ജോർജ്. 30 വയസ്സിന് മുകളിലുള്ളവർ പരിശോധനയ്ക്ക് വിധേയരാകണമെന്നും ആരോഗ്യമന്ത്രി പറഞ്ഞു. മലബാർ കാൻസർ സെൻററിൻറെ വികസന പദ്ധതി ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

************************************

## വയനാട് – കടുവ

വയനാട് മാനന്തവാടിയിൽ കടുവയുടെ ആക്രമണത്തിൽ സ്ത്രീ മരിച്ച സംഭവത്തിൽ പ്രദേശവാസികളുടെ പ്രതിഷേധം തുടരുന്നു. വയനാട് ADM സമരക്കാരുമായി ചർച്ച നടത്തി. കടുവയെ കൊല്ലണമെന്നതാണ് നാട്ടുകാരുടെ പ്രധാന ആവശ്യം. വിഷയത്തിൽ നാളെ മുഖ്യ വനപാലകർ ഉൾപ്പെടെ പങ്കെടുക്കുന്ന പ്രത്യേക യോഗം ചേരുമെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ നേരത്തെ അറിയിച്ചിരുന്നു. അതേസമയം കടുവയ്ക്കായുള്ള തിരച്ചിൽ വനംവകുപ്പ് ഊർജ്ജിതമാക്കി.

************************************

PRU TVPM

**കണ്ണാടിപ്പായ - ഇടുക്കി - ഇൻട്രോ**

ഈറ്റയിലും മുളയിലുമെല്ലാം നിർമിച്ച കരകൗശല വസ്തുക്കൾ കണ്ട് നാം പലപ്പോഴും അത്ഭുതപ്പെടാറുണ്ട്. അത്ര സൂക്ഷ്മതയോടെയാണ് അവയുടെ നിർമാണം. അതുപോലെ ആരെയും അമ്പരിപ്പിക്കുന്ന ഒന്നാണ് ഇടുക്കി വെൺമണിയിലെ ആദിവാസി ഗോത്ര ജനവിഭാഗങ്ങൾ നെയ്തുണ്ടാക്കുന്ന കണ്ണാടിപ്പായ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

***********************************

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ-ചെന്നൈയിൻ എഫ് സി പോരാട്ടം. രാത്രി 07.30 നു ഗോവ ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

RNUTVPM

***********************************

ക്രിക്കറ്റ്

ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി-ട്വന്റി പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണി മുതലാണ് മത്സരം.

***********************************

കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ

സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന താപനിലയും അന്തരീക്ഷത്തിലെ ഈർപ്പവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥ ആയിരിക്കുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

************************************

## വീണാ ജോർജ്ജ് - പ്രമേഹം

സംസ്ഥാനത്തെ പ്രമേഹ രോഗികളുടെ എണ്ണം പകുതിയായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര ഡയബറ്റീസ് കോൺക്ലേവിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. ജീവിതശൈലി രോഗികളുടെ എണ്ണം ഉയരുന്നത് കണക്കിലെടുത്ത് രോഗാതുരത കുറയ്ക്കാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് ശ്രീമതി വീണാ ജോർജ് പറഞ്ഞു.

************************************

## ഐ.സി ബാലകൃഷ്ണൻ - അറസ്റ്റ്

ഡിസിസി ട്രഷറർ എൻ എം വിജയന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ ഐ.സി ബാലകൃഷ്ണൻ എംഎൽഎയെ അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചു. കൽപ്പറ്റ സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ച സാഹചര്യത്തിലാണ് MLA യെ വിട്ടയച്ചത്. തുടർച്ചയായി മൂന്ന് ദിവസമാണ് അന്വേഷണസംഘം എംഎൽഎയെ ചോദ്യം ചെയ്തത്.

************************************

RNUTVPM

## വി.ഡി സതീശൻ - കണ്ണൂർ

യു.ഡി.എഫ് സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്ര കണ്ണൂർ കരുവഞ്ചാലിൽ ആരംഭിച്ചു. പ്രതിപക്ഷനേതാവ് വി.ഡി സതീശൻ നയിക്കുന്ന ജാഥ എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ഈ മാസം 27 ന് ജില്ലയിലെ ആറളത്തും കൊട്ടിയൂരിലും പര്യടനം നടത്തിയ ശേഷം യാത്ര വയനാട്ടിലേക്ക് പോകും.

*****************************************************

***********************************

**********************

RNU TVPM